പി.എച്ച് 2-43243/16/അ.വ.ഡ തീയതി 28-10-16

## സർക്കുലർ

വിഷയം: ജീവിതശൈലി മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

സൂചന (1) കത്ത് നം: പി.എച്ച് 2-43243/16/അ.വ.ഡ തീയതി 24-6-16
(2) കത്ത് നം: 4849/16/കെ.ജി.പി.എ തീയതി 1-7-16

സൂചന ഒന്ന് പ്രകാരം ജീവിതശൈലി രോഗങ്ങളുടെ മരുന്നുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും അയിച്ച് നൽകിയിരുന്നു.സൂചന രണ്ട് പ്രകാരം ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ മരുന്നു വിതരണവുമായി ബന്ധപ്പെട്ട് ജില്ലകളിൽ ഉണ്ടായ സംശയങ്ങൾ ദൂരീകരിക്കുന്നതിനും സംസ്ഥാനത്ത് ഏകീകൃതമായ മാനദണ്ഡങ്ങൾ പാലിക്കുന്നതിനും ഉദ്ദേശിച്ചാണ് ചുവടെ പറയുന്ന മാർഗ്ഗരേഖ തയ്യാറാക്കിയത്.

1. ഇൻസുലിൻ ഒഴികെയുള്ള എൻ.സി.ഡി. മരുന്നുകൾ സബ്സെന്റർ വഴി വിതരണം ചെയ്യുന്നതിനു എല്ലാ ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സുമാരും അവരുടെ പരിധിയിൽ വരുന്നരോഗികളുടെ എണ്ണം തയ്യാറാക്കേണ്ടതാണ്.
2. ഈ രോഗികൾക്ക് ഡോക്ടർമാർ നർദ്ദേശിക്കുന്ന മരുന്നുകൾ വിതരണം ചെയ്യുവാൻ മാത്രമേ ഇവർക്ക് അധികാരമുള്ളു.
3. മരുന്നുകൾ ആരംഭിക്കുന്നതിനും(prescribe) മാറ്റുന്നതിനും(substitute) അളവിൽ മാറ്റം വരുത്തുന്നതിനുമുള്ള(modify) അധികാരം ഡോക്ടർമാരിൽ നിക്ഷിപ്ത മാണ്.
4. മരുന്ന് സബ്സെന്ററിൽ സൂക്ഷിക്കുന്നതിന്റെ പൂർണ്ണ ചുമതല ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സിനാണ്.
5. മരുന്ന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിനും മരുന്നിന്റെ റിപ്പോർട്ടുകൾ പബ്ളിക് ഹെൽത്ത് നഴ്സ് സാക്ഷ്യപ്പെടുത്തി മെഡിക്കൽ ഓഫീസർക്ക് നൽകേണ്ടതാണ്.
6. രോഗികൾക്ക് യുണിക് ഐഡന്റിഫിക്കേഷൻ നമ്പർ നൽകേണ്ടതും ഹെൽത്ത്കാർഡ് നൽകേണ്ടതുമാണ്. ഈകാർഡ് മുഖേന മാത്രമേ മരുന്നു വിതരണം ഡോക്ടർമാർ നിർദ്ദേശിക്കുന്ന കാലയളവിലേയ്ക്ക് നൽകുവാൻ പാടുള്ളൂ.
7. ഡോക്ടർമാർ നിർദ്ദേശിക്കുന്ന റിവ്യു തീയതി വരെയുള്ള കാലാവധിയിലേയ്ക്കുള്ളമരുന്നകൾ മാത്രംസബ്സന്റെറിൽ സൂക്ഷിച്ചാൽ മതിയാകും. ഈ

കാലയളവിൽ പരിശോധനാഫലങ്ങളെ മുൻ നിർത്തി ചികിത്സാ വ്യതിയാനം വരുത്തുന്നതിന് ഡോക്ടർമാരുടെ അടുത്തേയ്ക്ക് റഫർ ചെയ്യേണ്ടതാണ്.

8. മരുന്നുകൾ പി.എച്ച്.സി.യിൽ നിന്നും സ്റ്റോക്ക് എടുക്കേണ്ടതും,ഫാർമസിസ്റ്റുമായി യോജിച്ച് സബ്സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തേണ്ട ചുമതലയും Public Health Nurse നാണ്(PHN/LHI).
9. ഡോക്ടറുടെ കുറിപ്പോ ഹെൽത്ത്കാർഡോ ഇല്ലാത്തരോഗികൾക്ക് സബ് സെന്റർ വഴി മരുന്നു നൽകേണ്ടതില്ല.
10. വിലയേറിയ ഈ മരുന്നുകൾ ദുരുപയോഗം ചെയ്യാതിരിക്കുന്നതിനും, മരുന്നുകൾരോഗികൾ സമയബന്ധിതമായി കഴിക്കുന്നുണ്ടെന്നുംജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സുമാർ ഉറപ്പ് വരുത്തേണ്ടതാണ്.
11. എൻ.സി.ഡി. ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന ദിവസം മാത്രം സബ്സെന്റർ വഴി മരുന്ന് വിതരണം ചെയ്താൽ മതിയാകും.
12. സബ്സെന്ററിൽ മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം ഉണ്ടോയെന്ന് JPHN ഉറപ്പ് വരുത്തേണ്ടതും ഈ വിവരം മെഡിക്കൽ ഓഫീസറെ അറിയിക്കേണ്ടതുമാണ്.
13. Registration, Medicine Stock എന്നിവ നടത്തുന്നതിന് Sub centre ചുമതലയുള്ള JHI സഹായിക്കേണ്ടതാണ്.

മുകളിൽ പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ സ്ഥാപനമേധാവികളും നടപ്പാക്കേണ്ടതാകുന്നു.

ഡോ. ആർ. രമേശ്

ആരോഗ്യ വകുപ്പ് ഡയറക്ടർ

24/10/16

സ്വീകർത്താവ്

ജില്ലാ മെഡിക്കൽ ഓഫീസർ

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി,എറണാകുളം, തൃശൂർ,പാലക്കാട്,കോഴിക്കോട്,മലപ്പുറം,വയനാട്,കണ്ണൂർ,കാസർഗോഡ്.